"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

**സർക്കുലർ നം - 19 (01-2025)**

(KPCS/7055/2025-WP2)

1) കൊലപാതക കേസിലെ പ്രതി അവധിയിലിറങ്ങി വീണ്ടും കൊലപാതകം ചെയ്ത സാഹചര്യത്തിൽ സമാന കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ശിക്ഷ അനുഭവിച്ച വരുന്ന പ്രതികൾക്ക് അവധി അനുവദിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിലെ 04/07/2024 തീയതിയിലെ U6-41996/2024/PHQ എന്ന നമ്പർ കത്ത് മുഖേന അറിയിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള അന്തേവാസികളെ അവധിയിൽ വിട്ടുതൽ ചെയ്യുമ്പോൾ ചില കർശന വ്യവസ്ഥകൾ കർശനമായും നടപ്പിൽ വരുത്തുന്നതിന് 23/07/2024 തീയതിയിലെ നം 19 സർക്കുലർ പ്രകാരം ജയിൽ സൂപ്രണ്ടുമാർക്ക് പ്രത്യേകം നിർദ്ദേശം നൽകുകയുണ്ടായി.

18/09/2025 തീയതിയിൽ ജയിൽ വകുപ്പ് മേധാവി വിളിച്ച ചേർത്ത ജയിൽ സൂപ്രണ്ടുമാരുടെ സെപ്റ്റംബർ മാസത്തെ യോഗത്തിൽ, ജയിൽ സൂപ്രണ്ടുമാരുടെ അഭിപ്രായം മാനിച്ച കൊണ്ട്, അന്തേവാസികളെ അവധിയിൽ വിട്ടുതൽ ചെയ്യുമ്പോൾ അന്തേവാസി അവധിയിൽ വന്നാൽ ടിയാളുടെ സംരക്ഷണം ഏറ്റെടുക്കാൻ കുടുംബാംഗങ്ങൾ/സുഹൃത്തുക്കൾ/ ബന്ധപ്പെട്ട എൻ ജി ഒ സംഘടന തയ്യാറാണെന്നും, അവധികാലയളവിലെ തടവുകാരൻ്റെ പെരുമാറ്റം, സഞ്ചാരം, സാമൂഹ്യ ഇടപെടൽ എന്നിവ പ്രകോപനപരമാവുകയില്ലായെന്നും, നിയന്ത്രണ വിധേയമായിരിക്കുമെന്നും, മറ്റ് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ല എന്ന ഉറപ്പ് വരുത്തിക്കൊള്ളാമെന്നും കൃത്യമായ സമയത്ത് ജയിലിൽ തിരികെ എത്തിക്കാൻ കുടുംബാംഗങ്ങൾ/സുഹൃത്തുക്കൾ/ ബന്ധപ്പെട്ട എൻ ജി ഒ സംഘടന ബാധ്യസ്ഥർ ആയിരിക്കുമെന്നുമുള്ള രേഖാമൂലമുള്ള ഉറപ്പ് അവധിയിൽ പോകുന്ന ജയിൽ അന്തേവാസിയെ കൂട്ടികൊണ്ട് പോകുവാൻ വരുന്നവരിൽ നിന്നും ജയിൽ സൂപ്രണ്ട് എഴുതി വാങ്ങേണ്ടതാണ് എന്ന് നിജപ്പെടുത്തിക്കൊണ്ട് ടി സർക്കുലറിലെ ക്രമ നമ്പർ 02 ലെ നിർദ്ദേശം ഭേദഗതി ചെയ്യുന്നു.

2) അന്തേവാസികൾക്ക് ആദ്യത്തെ സാധാരണ അവധി ആനുകൂല്യം അനുവദിച്ച നൽകുമ്പോൾ പോലീസ് റിപ്പോർട്ടുകൾ ശിപാർശ ചെയ്യാത്ത അപേക്ഷകളിന്മേൽ ചില കർശന ഉപാധികളോടെ അവധി ആനുകൂല്യങ്ങൾ അനുവദിച്ച വരുന്നുണ്ട്. ആയതിൽ " ടി അന്തേവാസിയെ അവധിയിൽ വിട്ടുതൽ ചെയ്യുമ്പോൾ ടി കേസിൽ കൂട്ട് പ്രതികൾ ഉണ്ടെങ്കിൽ അവർ ആരും തന്നെ യാതൊരു വിധത്തിലുള്ള അവധിയിലും ജയിലിന് പുറത്ത് ഇല്ല എന്നുള്ള വിവരം ജയിൽ സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ് " എന്ന വ്യവസ്ഥ പ്രകാരം ഒന്നിൽ കൂടുതൽ പ്രതികൾ ഉള്ള കേസിൽ ഒരു അന്തേവാസിയ്ക്ക് അനുവദിച്ച നൽകിയിട്ടുള്ള അവധി ആനുകൂല്യം തീർന്ന്, തിരികെ ജയിലിൽ പ്രവേശിച്ചാൽ മാത്രമേ ടി കേസിലെ അടുത്ത അന്തേവാസിയ്ക്ക് അവധിയിൽ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ എന്നും, ഒരു കേസിൽ 05 ൽ കൂടുതൽ ശിക്ഷാ പ്രതികൾ ഉണ്ടെങ്കിൽ ടി വ്യവസ്ഥ പ്രകാരം ജയിൽ ചട്ട പ്രകാരമുള്ള ഒരു വർഷത്തെ 60 ദിവസത്തെ അവധി ആനുകൂല്യം ടി കേസിലെ എല്ലാ അന്തേവാസികൾക്കും അനുവദിച്ച നൽകുവാൻ കഴിയുകയില്ല എന്നും ആയതിനാൽ ടി വ്യവസ്ഥയിൽ ഇളവുകൾ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അന്തേവാസികൾ അപേക്ഷകൾ

സമർപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്.

ടി സാഹചര്യത്തിൽ, ഒരു കേസിൽ ശിക്ഷിയ്ക്കപ്പെട്ട, 05 ൽ കൂടുതൽ പ്രതികൾ ഉണ്ടെങ്കിൽ, അത്തരം കേസുകളിൽപ്പെട്ട അന്തേവാസികളെ, ടി കേസിനു ആധാരമായ കുറ്റകൃത്യം നടന്ന പോലീസ് സ്റ്റേഷൻ പരിധി, ടി കേസിലെ ഇരയുടെ പോലീസ് സ്റ്റേഷൻ പരിധി എന്നിവ ഒഴിവാക്കി കൊണ്ടും, ഒരേ സമയം അവധിയിൽ വിട്ടുതൽ ചെയ്യുവാൻ ഉദ്ദേശിക്കുന്ന അന്തേവാസികളെ, ഒരേ പോലീസ് സ്റ്റേഷൻ പരിധിയിൽ പെട്ട, വ്യത്യസ്ത മേൽ വിലാസങ്ങളിൽ ആണ് വിട്ടുതൽ ചെയ്യുന്നത് എങ്കിൽ, അത്തരം അന്തേവാസികളെ, അവർ ഉൾപ്പെട്ടിട്ടുള്ള കേസിന്റെ സ്വഭാവം, ടി കേസിന്റെ കാഠിന്യം, എന്നിവ പരിശോധിച്ച് കൊണ്ടും, ജയിൽ സൂപ്രണ്ടിന്റെ വിവേചന അധികാരം വിനിയോഗിച്ച് കൊണ്ടും, അത്തരം അന്തേവാസികളെ ഒരേ സമയം വിട്ടുതൽ ചെയ്യുന്ന വിഷയം, ടി ഉത്തരവിലെ മറ്റ് നിബന്ധനകൾക്ക് വിധേയമായി, ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്ക് പരിഗണിക്കാവുന്നതാണ്.

Balram Kumar Upadhyay
DIRECTOR GENERAL

സ്വീകർത്താവ്ഃ- സൂപ്രണ്ട്,
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,
തിരുവനന്തപുരം/വിയ്യൂർ/തവനൂർ/കണ്ണൂർ
അതീവ സുരക്ഷാ ജയിൽ, വിയ്യൂർ,
തുറന്ന ജയിൽ & കറക്ഷണൽ ഹോം,
നെട്ടുകാൽത്തേരി/ചീമേനി
വനിതാ ജയിൽ & കറക്ഷണൽ ഹോം,
തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ
വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം,
തിരുവനന്തപുരം.

Signed by
Lakshmi K
Date: 22-09-2025 16:18:43

പകർപ്പ് :- ഡി.ഐ.ജി, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ഉത്തര മേഖല, കോഴിക്കോട്/ മദ്ധ്യമേഖല, വിയ്യൂർ/ ദക്ഷിണ മേഖല & ഡയറക്ടർ സിക്ക, തിരുവനന്തപുരം